# Eyecon



**Digitalmagazine 2018-19**

## GHS MUNDERI

IT CLUB NO. LK 2018 / 48138

## ആമുഖം.

അറിവിന്റെയും വിസ്മയങ്ങളുടെയും സന്തോഷത്തിന്റെയും അനന്ത സാധ്യതകളിലേക്കു മുന്നേറാൻ വേണ്ടിയാണ് ഈ മാഗസിൻ തയ്യാറാക്കുന്നത്. പ്രകൃതിയെ സ്നേഹിക്കാനും, വൈവിധ്യങ്ങളെ മനസ്സിലാക്കാനും ചുമതലാബോധമുള്ള പൗരന്മാരായി മാറാനും ഇത് സഹായിക്കും.

ഇത് സ്നേഹവും സന്തോഷവും അറിവും നൽകുന്നു. ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമുക്ക് നമ്മുടെ വിദ്യഭ്യാസത്തെയും അറിവിനെയും വർദ്ധിപ്പിക്കാനാവും. അതു പോലെ തന്നെ ഇതിലൂടെ നമുക്ക് പ്രധാനമായും ലഭിക്കുന്നത് നാം നമ്മുടെ മനസ്സിൽ ഒളിപ്പിച്ചുവച്ചിരുന്ന "കഴിവ്"ആണ്.

നമ്മൾ ഭാവനയുടേയും അറിവിന്റെയും വായനയുടെയും വർണ്ണച്ചിറകുകളിലേക്ക് പറന്നുയരുന്നതിനോടൊപ്പം ഭാഷാപഠനവും സുഗമമാക്കാൻ കഴിയും.

## സന്ദേശം

മുണ്ടേരി ഗവ:ഹൈസ്കൂൾ തയ്യാറാക്കിയ 'Eyecon' ഡിജിറ്റൽ മാഗസിൻ വളരെ മികച്ചൊരു പ്രവർത്തനമാണ്. നേതൃത്വം നൽകിയ അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും എല്ലാവിധ അഭിനന്ദനങ്ങളും.

ഇതൊരു നല്ല തുടക്കമാവട്ടെ...

ആശംസകളോടെ.

ശ്രീമതി. ആന്റോ സുജ ഡി

ഹെഡ്മിസ്ട്രസ്



## സന്ദേശം

'Eyecon' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.....

ശ്രീ. റഫീഖ് കെ.എസ്

പി.ടി.എ പ്രസിഡന്റ്



## അതിരുകളില്ലാത്ത ആകാശം

ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് ഞങ്ങൾക്ക് തുറന്നുതന്നത് അതിരുകളില്ലാത്ത ആകാശമാണ്. ഐ.ടി മേഖലയിൽ നിരവധി കാര്യങ്ങൾ പഠിക്കാൻ സാധിക്കുന്നു എന്നത് വലിയ ഭാഗ്യമാണ്. ഐ.ടി പഠനത്തെ കൂടുതൽ സർഗാത്മകമാക്കാനുള്ള അവസരത്തോടൊപ്പം ടൈപ്പിംഗ് പോലെയുള്ള പ്രവർത്തനങ്ങളിൽകൂടി പ്രാവിണ്യം നേടാനുള്ള ഒരു അവസരമായിരുന്നു '*Eyecon*' ഡിജിറ്റൽ മാഗസിന്റെ നിർമ്മാണം. ലേ ഔട്ട്, ഡിസൈനിംഗ് തുടങ്ങിയ കൂടുതൽ സാങ്കേതികമായ മേഖലളിൽ അധ്യാപകരുടെ സഹായംകൂടി ഉപയോഗിക്കേണ്ടി വന്നു. എന്നാലും '*Eyecon*' അതുല്യമാണ് എന്ന് അവകാശപ്പെടുന്നില്ല.

ഈ എളിയ സംരംഭം സവിനയം സമർപ്പിക്കുന്നു.



ചീഫ് എഡിറ്റർ

ഫാത്തിമ ഷിബില കെ

9 B

'Eyecon' ൽ കിനാവുണ്ട്,
മധുരമുണ്ട്,
സ്നേഹമുണ്ട്,
പ്രാർത്ഥനയുണ്ട്,
കൂട്ടുണ്ട്,
ഞങ്ങളുമുണ്ട്...

'Eyecon' കൂടൊരുക്കിയ പ്രീയപ്പെട്ടവർക്ക് നന്ദി...




***എഡിറ്റോറിയൽ ബോർഡ്***
***(ലിറ്റിൽ കൈറ്റ്സ്)***

## ഉള്ളിലുള്ളത്......


ആമുഖം.......2
സന്ദേശം.......3
സന്ദേശം.......4
അതിരുകളില്ലാത്ത ആകാശം.......5
എന്റെ കേരളം.......8
നവകേരള സൃഷ്ടിക്കായ്.......9
നവ കേരളം.......10
നവ കേരളം നമ്മുടെ നന്മക്കായ്.......11
നവ കേരള സൃഷ്ടിക്കായ്.......12
പ്രളയത്തെ അതിജീവിച്ച കേരളം.......13
കുരങ്ങനും, കൂട്ടുകാരും, ചെണ്ടയും .......14
നീലക്കുറിഞ്ഞി പൂത്തപ്പോൾ .......17
വിഷാദമേഘങ്ങളുടെ ഇല.......20
നീ.......21
അമ്മ.......21
സ്ത്രീ.......21
കാവലാൾ.......21
വോട്ടു ബാങ്ക്.......22
കുട്ടികളുടെ ജീവിതത്തിൽ കായിക മൽസരങ്ങൾക്കുള്ള പ്രാധാന്യം.......23
മഹാത്മാഗാന്ധിയെ കുറിച്ച് നാം അറിയേണ്ടത്.......25
പ്രളയത്തിൽ തകർന്ന കേരളം.......28
കരകയറാൻ നവ കേരളം.......29
പ്രളയം കാത്തുവെച്ചത്.......30
എന്റെ നാട്.......31
നല്ല കൂട്ടുകാർ.......32
ഓണപ്പാട്ട്.......33
വിടരാത്ത ഓണപ്പൂക്കൾ.......34
മുത്തശ്ശി സൂത്രം.......35
ആസ്വാദന പാട്ട്.......39

## എന്റെ കേരളം




മലയാളമാണെന്റെ മാതൃഭാഷ
കേരളമാണെന്റെ കൊച്ചുഗ്രാമം
പച്ച വിതച്ചൊരു കൊച്ചു ഗ്രാമം
പുഴകളും അരുവിയും പുൽമേടുകളും
നിറയുന്ന കേരളം എന്റെ ഗ്രാമം
പൂക്കളും കിളികളും മറ്റു മൃഗാധി-
കൾ ഒത്തു ചേരുന്നൊരു കൊച്ചുഗ്രാമം
മലയാളമാണെന്റെ മാതൃഭാഷ
കേരളമാണെന്റെ കൊച്ചുഗ്രാമം
നാൽപ്പതിലേറെ നദികൾ ഒഴുകുന്ന
കേരളമാണെന്റെ കൊച്ചു ഗ്രാമം
കേരളമാണെന്റെ കൊച്ചു ഗ്രാമം......

ശിഖ വി കെ
8 എ

## നവകേരള സൃഷ്ടിക്കായ്....



മലയാളമാണെന്റെ മാതൃ ഭാഷ
കേരളമാണെന്റെ കൊച്ചു നാട്
കൈ കോർക്കുവിൻ ഒത്തൊരുമി-
ക്കുവിൻ നവ കേരള സൃഷ്ടിക്കായ്.
പ്രളയമാൽ കവർന്ന, ജീവനും
ജീവിതങ്ങളും തകർന്നാലും
കേരളം എന്ന കൊച്ചു നാടി-
ന്നെനിക്ക് അഭിമാനം......
ജാതി മത ഭേതമന്യേ
കൈ കോർക്കാം ഒറ്റക്കെട്ടായ്...
മലയാളമാണെന്റെ നാട്
കാടും മലയും നിറഞ്ഞനാട്....
പ്രളയക്കെടുതിയിൽ നിന്നുയരാം
കൈ കോർക്കുവിൻ ഒത്തൊരു-
മിക്കുവിൻ നവ കേരള സൃഷ്ടിക്കായ്......

മുനവിറ എ പി
8 എ

## നവ കേരളം




നവംബർ-1 കേരളപ്പിറവി ദിനമാകുന്നു. ഈ വലിയ ഇന്ത്യാ മഹാരാജ്യത്ത് നമ്മുടെ ഈ കൊച്ചു കേരളത്തിലെ ഭാഷ മലയാളമാണല്ലോ? നാം ഏതൊരു രാജ്യത്ത് പോയാലും നമ്മുടെ ഭാഷ നമ്മുടെ ഉള്ളിലുണ്ട്. നമ്മുടെ ഈ കൊച്ചു കേരളം അത് ഒരു നവകേരളമാണ്. ഈ കേരളത്തിൽ ഞാൻ ജനനം പ്രാപിച്ചതിൽ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ കേരളത്തിനു വേണ്ടി എന്നും എന്നും പ്രാർത്ഥിക്കും. കേരളം നമ്മുടെ സ്വന്തമാണ്. ഈ പച്ചപ്പു നിറഞ്ഞ ഈ കൊച്ചു കേരളത്തിൽ മലയാളമാണെന്റെ മാതൃഭാഷ.

റിൻഷ എം

8 എ

## നവ കേരളം  നമ്മുടെ നന്മക്കായ്.....




അഭിമാനം പകരുന്ന പിറവിയുടെ ഓർമയും വരും കാലത്തെക്കുറിച്ചുള്ള സ്വപ്നത്തിന്റെ തെളിമയുമായി വീണ്ടും കേരളത്തിന്റെ പിറന്നാൾ . പല അടരുകളുള്ള നവകേരളം എന്ന ആശയം പ്രതീക്ഷയോടെ ഇതൾവിടർത്തുന്നത് ഈ വേളയിൽ നാം കാണുന്നുണ്ട്. പ്രതിദിനം കേരളം പുറന്തള്ളുന്ന ആയിരക്കണക്കിന് ടൺ മാലിന്യത്തിൽ വലിയ പങ്കം നമ്മുടെ നവകേരളം വഹിക്കുന്നുണ്ട്. സാമൂഹികവും സാംസ്കാരികമായും കേരളജനതയെ ഇണക്കിനിർത്തുന്ന പ്രധാന ഘടകം മലയാളം എന്ന മാതൃഭാഷയാണ്. അതു കൊണ്ട് മലയാളഭാഷാവ്യാപനം സാധ്യമാക്കേണ്ടതുണ്ട്. ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട കേരളം ഇന്ന് പ്രളയക്കെടുതിയെ തുടർന്നുള്ള പുനർനിർമാണഘട്ടത്തിലാണ്. കേരളം സമ്പന്നവും സമൃദ്ധിയുമായ ഒരു നാടായിരുന്നു. എന്നാൽ പ്രളയശേഷം ഇവയെല്ലാം നശിച്ചുപോയി. നമ്മുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തെ തന്നെ അതിജീവിച്ചതിന്റെ ആശ്വാസത്തോടെയാണ് ഈ പിറന്നാളിനെ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിശേഷിപ്പിക്കുന്നത്. മാലിന്യനിർമ്മാർജ്ജനം ജനകീയ പ്രസ്ഥാനമാക്കാൻ ഇനിയെങ്കിലും കഴിയണമെന്ന് ഈ കേരളപ്പിറവി നമുക്ക് പറഞ്ഞു തരുന്നു. ഇതിനായി ആദ്യം വേണ്ടത് സമൂഹത്തിലെ ഓരോരുത്തരുടെയും മനസ്സിന്റെ വൃത്തിയാണ്.......

സ്റ്റിഫ ബേനസീർ എൻ

9 ബി

## നവ കേരള സൃഷ്ടിക്കായ്.

നമ്മുടെ കേരളം വലിയ ഒരു പ്രളയദുരന്തത്തിൽ അടിമപ്പെട്ടുപോയി. അതിൽ പല ജീവനകളും ജീവിതങ്ങളും തകർന്ന് പോയി. പുതുകേരള സൃഷ്ടിക്കായി മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തകരും ഏറെ സഹായകമായി. നമുക്ക് പുതു കേരളം സൃഷ്ടിച്ചെടുക്കാൻ കേരളീയർ ഒറ്റക്കെട്ടായി നിന്നു. സ്നേഹത്തോടെ സന്തോഷത്തോടെ.. ആ വിഷയത്തിൽ ജാതിയോ മതമോ വ്യത്യാസമില്ലാതെ നമുക്കൊരുമിച്ച് കൈ കോർക്കാം.. അതിൽ വഞ്ചനയോ കളവോ ഇല്ലാതെ നമുക്ക് പുതുകേരളം സൃഷ്ടിക്കാം ..

ഹസ്ന കെ ആർ

8 എ

## പ്രളയത്തെ അതിജീവിച്ച കേരളം ...

പ്രളയം വന്ന കേരളം ആകെ പ്രതിസന്ധിയിലായി
മഴയും കാറ്റും വെള്ളപ്പൊക്കം വന്ന നമ്മുടെ
പച്ചപ്പാർന്ന കേരളമാകെ തകർന്നടിഞ്ഞു..
വീടുകളും പുഴകളും നാടും പ്രളയം കൊണ്ടുപോയ്
മനുഷ്യരുടെ ജീവിതം ബാക്കിയായ്
പ്രളയം കേറിയിറങ്ങിയ കേരളം പിന്നെ
നവകേരളം ഉണരുന്ന
നവകേരളം പ്രളയത്തെ അതിജീവിച്ച-
കൊണ്ട് മുന്നോട്ട് നീങ്ങുന്ന നമ്മുടെ കേരളം
നവകേരളം ഉണർന്ന് പ്രളയത്തെ
അതിജീവിച്ച കൊണ്ട് നമ്മുടെ
കേരളപച്ചപ്പിനെ തിരികെ കൊണ്ട് വന്ന
നമ്മുടെ നവകേരളത്തെ തിരികെയാക്കാം....

കാഞ്ചന എൻ
9 ബി

## കുരങ്ങനും, കൂട്ടുകാരും, ചെണ്ടയും ..

ഒരു കാട്ടിൽ പണ്ട് വികൃതിയും കുസൃതിക്കാരനുമായ ഒരു കുരങ്ങൻ താമസിച്ചിരുന്നു.ഒരു ദിവസം ആ കുരങ്ങൻ രണ്ടു പക്ഷികൾ മരച്ചില്ലകലിൽ പാട്ടുപാടിയിരിക്കുന്നത് കണ്ടു.അപ്പോൾ അവൻ ആ മരച്ചില്ലകളിൽ പതുക്കെ ചാടി മരച്ചില്ലകൾ ചാടിക്കുലുക്കി. പക്ഷികൾ ഭയന്നു വിറച്ചു.അതു കണ്ട് കുരങ്ങൻ ചിരിച്ച് മരച്ചില്ലയിലേക്ക് ചാടി.അപ്പോൾ വികൃതിക്കുരങ്ങൻ ആ ചില്ലയിൽ നിന്ന് 'പഠോം'എന്നൊരു വീഴൽ.അതു കണ്ട് പക്ഷികൾ നോക്കിയപ്പോൾ കുരങ്ങൻ കരയുന്നത് കണ്ടു.പക്ഷികൾ കുരങ്ങന്റെ വാൽ മുറിഞ്ഞതു കണ്ടു പക്ഷി പറഞ്ഞു:"നിന്റെ വാൽ മുറിഞ്ഞിട്ടുണ്ട്



.വൈദ്യരെ നീ ഉടനെ പോയി കാണു".ഇതുകേട്ട് വേദന കൊണ്ട് കുരങ്ങൻ വൈദ്യരുടെ അടുത്തേക്ക് ചെന്നു.വൈദ്യർ പറഞ്ഞു മുറിഞ്ഞ വാലു കൊണ്ട് ഒരു പ്രയോജനവും ഇല്ല. മുറിഞ്ഞ വാൽ മുറിച്ചു കളയണം .അതാ രീതി. ഇത് കേട്ട് കുരങ്ങൻ കരഞ്ഞു.എന്നാൽ വാലു മുറിച്ച് കത്തിയിങ്ങു തന്നേക്ക് എന്ന് കുരങ്ങൻ പറഞ്ഞു.അപ്പോൾ വൈദ്യൻ ചോദിച്ചു കത്തിയെന്തിനാ?അപ്പോൾ കുരങ്ങൻ പറഞ്ഞു ഒന്നെങ്കിൽ വാൽ ചേർത്തു തരണം.അല്ലെങ്കിൽ കത്തി തരണം .കുരങ്ങന്റെ ബഹളം കേട്ട് കത്തി കൊടുത്തു.കത്തി വാങ്ങി കുരങ്ങൻ യാത്രയായി.അപ്പോൾ അവൻ ഒരു കുട്ടി മാവിലേക്ക് എറിയുന്നത് കണ്ടു.മാങ്ങ കിട്ടും എന്ന് വിചാരിച്ച് കുരങ്ങൻ കുട്ടിയുടെ അടുത്തു ചെന്നു.എന്നിട്ട് കുട്ടിയോട് കത്തി കൊണ്ട് മാങ്ങയെറിഞ്ഞുവീഴ്ത്താൻ പറഞ്ഞു. അപ്പോൾ ഒരു മാങ്ങ വീണു.കുരങ്ങൻ പറഞ്ഞു ഒന്നെങ്കിൽ എന്റെ കത്തി വേണം അല്ലെങ്കിൽ ആ മാങ്ങ വേണം.കുരങ്ങന്റെ നിർബന്ധപ്രകാരം കുട്ടി മാങ്ങ കൊടുത്തു.കുരങ്ങൻ മാങ്ങയുമായി യാത്രയായി.അപ്പോൾ അവൻ വഴിയിലി ഒരു അലക്കുകാരിയെ

കണ്ടു.കുരങ്ങൻ ചോദിച്ചു എന്തു പറ്റി പെങ്ങളെ അലക്കാനൊന്നുമില്ലെയെന്ന്.അലക്കുകാരി പറഞ്ഞു എന്തു ചെയ്യാനാ കുറേ അലക്കാനുണ്ട്.പക്ഷേ ഭയങ്കര വിശപ്പാ!കുരങ്ങൻ പറഞ്ഞു എന്നാൽ ഈ മാങ്ങ കഴിച്ചോളൂ.അവൾ അതു കഴിച്ചു.മാങ്ങ തിന്നു കഴിഞ്ഞപ്പോൾ കുരങ്ങന്റെ സ്വഭാവം മാറി.കുരങ്ങൻ പറഞ്ഞു ഒന്നെങ്കിൽ എന്റെ മാമ്പഴം തിരികെ തരണം.അല്ലെങ്കിൽ നീ എന്റെ കൂടെ വരണം. ബഹളം സഹിക്കാൻ വയ്യാതെ കുരങ്ങന്റെ മാമ്പഴം തിന്ന അലക്കുകാരി കുരങ്ങന്റെ കൂടെ വരാമെന്നേറ്റു.അവർ രണ്ടു പേരും യാത്രയായി.കുറേ ദൂരം നടന്നപ്പോൾ അവർ ചർക്കയിൽ എണ്ണയാട്ടുന്നതു കണ്ടു. അപ്പോൾ കുരങ്ങൻ പറഞ്ഞു ഒരാളുമാത്രം തിരിക്കുന്നത് പ്രയാസമാണ് അപ്പോൾ ചർക്ക തിരിക്കുന്ന ആളിന് വളരെ സന്തോഷമായി.അയാൾ കുരങ്ങനോട് നന്ദി പറഞ്ഞു.അങ്ങനെ അവർരണ്ടു പേരും ചർക്കതിരിക്കാൻ തുടങ്ങി. അൽപ്പ സമയം കഴിഞ്ഞപ്പോൾ കുരങ്ങൻ പറഞ്ഞു എനിക്ക് പോവണം. ഒന്നെങ്കിൽ എന്റെ പെണ്ണിനെ എനിക്ക് വേണം.അല്ലെങ്കിൽ എണ്ണതരണം. എണ്ണക്കാരൻ കുരങ്ങന്റെ ശല്യം മൂർച്ചിച്ചപ്പോൾ അയാൾ എണ്ണ നൽകി. കുരങ്ങൻ സന്തോഷത്തോടെ യാത്ര തുടങ്ങി. വഴിയിൽ ഒരമ്മൂമ്മ ദോശ ചുടുന്നത് കണ്ടു.എന്തു ചെയ്യാനാ.എണ്ണയില്ലാത്തതു കൊണ്ട് ദോശ മുറിഞ്ഞു പോകുന്നു.അപ്പോൾ കുരങ്ങൻ തന്റെ കയ്യിലുണ്ടായിരുന്ന എണ്ണ അമ്മൂമ്മയ്ക്ക് നൽകി. അമ്മൂമ്മ നല്ല ദോശ ചുട്ട് എണ്ണ കഴിഞ്ഞു.അപ്പോൾ കുരങ്ങന്റെ സ്വഭാവം മാറി.എന്നിട്ട് പറഞ്ഞു ഒന്നെങ്കിൽ എനിക്ക് എന്റെ എണ്ണ വേണം അല്ലെങ്കിൽ എനിക്ക് ദോശ വേണം.അങ്ങനെ അമ്മൂമ്മ കുരങ്ങന് ഒരു ദോശ കൊടുത്തു.ദോശയും കൊണ്ട് കുരങ്ങൻ യാത്രയായി.വഴിയിൽ അവൻ ഒരു ചെണ്ടക്കാരനെ കണ്ടു.അയാൾ വളരെ അവശനായിരുന്നു.എന്താ ചെണ്ടക്കാരാ ക്ഷീണിച്ചിരിക്കുന്നത്.ചെണ്ടക്കാരൻ പറഞ്ഞു രാവിലെ മുതൽ ചെണ്ടക്കൊട്ടി ഞാൻ ക്ഷീണിച്ചു.എനിക്ക് നല്ല വിശപ്പുണ്ട്. കുരങ്ങൻ തന്റെ കയ്യിലുള്ള ദോശ ചെണ്ടക്കാരനു കൊടുത്തു. അതൊക്കെ ചെണ്ടക്കാരൻ തിന്നു.തിന്നു കഴിഞ്ഞപ്പോൾ കുരങ്ങൻ പറഞ്ഞു ഒന്നെങ്കിൽ എനിക്ക് എന്റെ ദോശ

വേണം.അല്ലെങ്കിൽ ചെണ്ട വേണം.ചെണ്ടക്കാരൻ തന്റെ ചെണ്ട കൊടുത്തു.കുരങ്ങൻ മരത്തിൽ കയറി പാട്ടു പാടാൻ തുടങ്ങി..

“വാല്യ പോയി കത്തി കിട്ടി ഡും ഡും ഡും...
കത്തി കൊടുത്ത് മാമ്പഴം കിട്ടി ഡും ഡും ഡും...
മാങ്ങ കൊടുത്ത് പെണ്ണിനെ കിട്ടി ഡും ഡും ഡും...
പെണ്ണിനെ കൊടുത്ത് എണ്ണ വാങ്ങി ഡും ഡും ഡും...
എണ്ണ കൊടുത്ത് ദോശ വാങ്ങി ഡും ഡും ഡും...
ദോശ കൊടുത്ത് ചെണ്ട വാങ്ങി ഡും ഡും ഡും...
ഡും... ഡും... ഡും... ഡും... ഡും... ഡും...ഡും......”

അങ്ങനെ കുരങ്ങൻ പാട്ടു പാടി നടന്നു...

ഫാത്തിമത്തുൽ ഹസ്ന ടി എം
6 എ

## നീലക്കുറിഞ്ഞി പൂത്തപ്പോൾ ..

ഒറ്റക്കു കണ്ടാൽ ഒരു പ്രത്യേകതയും ഇല്ലാത്ത പൂവ്. സീസണിൽ ഇവ ഒരു പ്രദേശത്ത് വ്യാപകമായി പൂത്തുനിൽക്കുന്നത് ഹൃദയ കാഴ്ചയാണ്. ഹിമാലയത്തിലെ



പൂക്കളുടെ താഴ്വരയെ അനുസ്മരിപ്പിക്കുന്നതാണ് ഈ കാഴ്ച.നൂറ്റാണ്ടുകളായി മുറ തെറ്റാതെ പന്ത്രണ്ടു വർഷത്തെ ഇടവേളകളിൽ വീണ്ടും പൂത്തുലഞ്ഞിരിക്കുകയാണ് ആനമലയിലെ കുറിഞ്ഞികൾ.പന്ത്രണ്ടു വർഷത്തിൽ ഒരിക്കൽ മാത്രമുള്ള അത്യപൂർവമായ നീലക്കുറിഞ്ഞിയുടെ പൂവിടൽ ഓഗസ്റ്റിലാണ്. ഏകദേശം മൂവ്വായിരം ഹെക്ടറിൽ അധികം നീലലോഹിതമായ ഒരു പരവതാനി വിരിച്ചപോലെ മൂന്നാർ മലനിരകളെയാകെ മൂടി നിൽക്കുന്ന നീലക്കുറിഞ്ഞികൾ മനോഹരമായ കാഴ്ച.

12 വർഷത്തിലൊരിക്കൽ നീലക്കുറിഞ്ഞി ഒരുമിച്ച് പൂക്കുന്നത് 1838 ലാണ് കണ്ടു പിടിച്ചത്. പൂവണിയും ഓരോ നീലക്കുറിഞ്ഞിച്ചെടിയും അതിന്റെ ജീവിതത്തിൽ ആദ്യവും അവസാനവുമായിട്ടാണ് പൂക്കുന്നത് എന്ന സവിശേഷതയുമുണ്ട്. പൂവിടുകയും ആ പൂവ് കായായി വിത്തിടുകയും ചെയ്യുന്നതോടെ ആ ചെടി നശിച്ച് പോകുന്നു.ഇങ്ങനെ ഒരിക്കൽ മാത്രം പൂക്കുകയും പൂക്കുന്നതോടെ നശിക്കുകയും ചെയ്യുന്ന പ്രതിഭാസത്തെ 'സെമെൽപാരി'
എന്നാണറിയപ്പെടുന്നത്. ഈ പ്രതിഭാസം പ്രകടിപ്പിക്കുന്ന അപൂർവം

ചെടികളിലൊന്നാണ് നീലക്കുറിഞ്ഞി. സസ്യ ലോകത്തിൽ പിന്നെ ഇതിനുദാഹരണമാകുന്നത് മുളകൾ മാത്രമാണ്. ആരോ വിത്തും മുളച്ച് ചെടിയായി വളർന്ന് വീണ്ടും പൂവിടാൻ 12 വർഷമെടുക്കും.പൂക്കാൻ പ്രായമാകുന്ന നീലക്കുറിഞ്ഞിച്ചെടികൾ മുപ്പത് മുതൽ അറുപത് സെന്റീമീറ്റർ വരെ പൊക്കത്തിൽ വളരും.


നീലക്കുറിഞ്ഞി ഉൾക്കൊള്ളുന്ന സ്ട്രൊബിലാന്തസ് എന്ന ജനുസ് ഏഷ്യയിലും ഓസ്ട്രേലിയയിലും കാണപ്പെടുന്ന ഒന്നാണ്. നീലക്കുറിഞ്ഞിയുടെ ശാസ്ത്രനാമം സ്ട്രോബിലാന്തസ്കുന്തിയാനസ് എന്നാണ്. ലോകത്തിലെമ്പാടുമായി 450 ഓളം ഇനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 146 എണ്ണം ഇന്ത്യയിൽ തന്നെയാണ് കാണപ്പെടുന്നത്. അതിൽ തന്നെ 43 എണ്ണം കേരളത്തിലുമാണ്. പശ്ചിമഘട്ടത്തിന്റെ തെക്കൻ ഭാഗങ്ങളിൽ സമുദ്രനിരപ്പിൽ നിന്ന് 1300 മീറ്റർ മുതൽ 2400 മീറ്റർ വരെ മാത്രം ഉയരത്തിൽ വളരുന്ന സ്ഥാനീയസസ്യമാണ് നീലക്കുറിഞ്ഞി. പതിഞ്ചു വർഷത്തോളം കേട്ടുകൂടാതിരിക്കാൻ കഴിയുന്നതാണ് നീലക്കുറിഞ്ഞിപ്പൂക്കളിൽ നിന്നുള്ള തേൻ. പശ്ചിമഘട്ട മേഖലയിലെ സവിശേഷമായ മണ്ണും പ്രകൃതിയും കാലാവസ്ഥയുമാണ് നീലക്കുറിഞ്ഞിയുടെ ഈ സ്ഥാനീയ പ്രതിഭാസത്തിനു കാരണം.

നീലക്കുറിഞ്ഞിപ്പൂക്കളുടെ നിറത്തിൽ നിന്നാണ് നീലഗിരിയുടെ പേരിലെ നീല ഉടലെടുത്തതെന്ന് കരുതപ്പെടുന്നു. പന്ത്രണ്ട് വർഷത്തിലൊരിക്കൽ ഒരുമിച്ച് പൂക്കുകയും കൂട്ടമായി വിത്തിടുകയും ആ വിത്തുകൾ മുളച്ചുണ്ടാകുന്ന നീലക്കുറിഞ്ഞികൾ പിന്നീട് പന്ത്രണ്ട് വർഷത്തിനു ശേഷം മാത്രം പൂക്കുകയും ചെയ്യുന്നതിനനുസരിച്ച് പ്രായം കണക്കാക്കുന്നവർ ഇവിടെ അധിവസിക്കുന്നുണ്ട്. തമിഴ് വംശജരായ പാലിയൻ ഗോത്രക്കാരുടെ പൂർവികരുടെ കണക്കിൽ പറയുന്ന നീലക്കുറിഞ്ഞി പൂവിടലിന് ശാസ്ത്രീയമായ രേഖപ്പെടുത്തലുള്ളതിനേക്കാൾ പഴക്കമുണ്ട്. 1838,1850, 1862,1874,1896, 1910,1912,1934,1958,1970,1982,1994, 2006, ഇപ്പോൾ 2018 ലും.

നീലഗിരിക്കുന്നുകൾ ,പളനിമലകൾ,മൂന്നാറിനു ചുറ്റുവട്ടത്തിലുള്ള ഹൈറേഞ്ച് മലകൾ എന്നിവിടങ്ങളിലുമാണ് കുറിഞ്ഞിച്ചെടികൾ കാണപ്പെടുന്നത്. മൂന്നാറിൽ ഇരവികുളം ദേശിയോദ്യാനം,കടവരി, കാന്തലൂർ,കമ്പക്കല്ല് എന്നീ സ്ഥലങ്ങളിലും ഊട്ടിയിൽ മുക്കുർത്തി ദേശിയോദ്യാനത്തിലെ മുക്കുർത്തി മലയിലും കുറിഞ്ഞി കാണപ്പെടുന്നു..

നിത്യാ കെ പൗലോസ് 6 എ

## വിഷാദമേഘങ്ങളുടെ ഇല



നീ

വിഷാദമേഘങ്ങളുടെ
ഇലകൾകൊണ്ടു തുന്നിയ മരുന്നുശാല.
ജീവന്റെ ജലത്തിൽ
ഉരുകിയൊലിച്ച പരൽമീൻ.
മാലാഖച്ചിറകിലമർന്ന്
പ്രണയംകൊണ്ട്
സ്വർഗ്ഗത്തെ തൊട്ടവൻ.
വേഷങ്ങളഴിച്ച്
കാമുകിയുടെ
പോസ്റ്റ്മോർട്ടത്തിൻ ഗന്ധമറിഞ്ഞവൻ.
നിറയാത്ത
നിന്റെ കണ്ണൊരു കടലാണ്,
ആഴങ്ങളിൽ പ്രകമ്പനം കൊള്ളുന്ന
ഈർപ്പമുള്ള നീല കടൽ.

കല്ലിന്റെ തരംഗങ്ങൾ
കഥയാക്കിയവനെ,
ഹൃദയതടാകത്തിൽ
ഓളങ്ങളും ഇടിമിന്നലുംകൊണ്ട്
നിബിഢമായവനെ,
നീ
അമൃതിന്റെ കയ്പ്പ് നിറഞ്ഞ
മരുന്നുശാല.
മിസാൻ കല്ലുകൾക്ക് മീതെ
അടയിരുന്ന നീ
സ്മാരകശിലകൾക്കൊണ്ടടുക്കിയ
ക്ഷോഭത്തിന്റെയും
തിരസ്ക്കാരത്തിന്റെയും
പ്രകാശ വലയമുള്ള ആനന്ദം...

(വിടവാങ്ങിയ പ്രിയ എഴുത്തുകാരൻ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ഓർമ്മയ്ക്ക്)

പി.എസ് രാജേഷ് (മയാളം അധ്യാപകൻ)

## അമ്മ

കാലത്തെഴുന്നേൽക്കവേ
ആവിപറക്കും കാപ്പിയേന്തി
അരികിലണഞ്ഞിടും
വാൽസല്യനിധിയാണമ്മ
എനിക്കക്ഷരക്കരുത്തിൽ
വിസ്മയമായിടാൻ
പുണ്യം ചെയ്തൊരു
സുകൃതമാണമ്മ....!!!

## സ്ത്രീ

മണ്ണോളം സഹിക്കുന്നോൾ
മണ്ണിൽ ജനിച്ച മുതൽ
കണ്ണീർ കയത്തിൽ നീന്തുന്നോൾ
മനസ്സിൽ സ്നേഹമുള്ളോൾ
മർത്ത്യലോകത്തിൻ ജന്മ ശിൽപി
മാനവഹൃത്തിൻ നിത്യദീപം
വാഴ്ത്തുന്നു നിന്നെ...
അമ്മയായ്....ദേവിയായ്...

## കാവലാൾ

അല്ലലറിയുന്ന
സ്നേഹമറിയുന്ന
സത്യത്തിൻ കാവലാൾ
മനുഷ്യരായില്ലനാം...

രമേഷ് കൊടക്കാടൻ (അധ്യാപകൻ)

## വോട്ടു ബാങ്ക്

കാശുകൾ പാർട്ടിക്കായൊത്തിരി
തന്നീടിൽ
സമുദായവോട്ടുകൾ
ഞങ്ങൾക്കു തന്നീടീൽ
സ്വീകരിച്ചിടാം കൂട്ടരേ...
വോട്ടി ബാങ്കായിനിങ്ങളെ...

രമേഷ് കൊടക്കാടൻ (അധ്യാപകൻ)

## കുട്ടികളുടെ ജീവിതത്തിൽ കായിക മൽസരങ്ങൾക്കുള്ള പ്രാധാന്യം.




കായിക ഇനങ്ങൾ വ്യായമത്തോടൊപ്പം ആനന്ദവും ഉല്ലാസവും പകർന്നു നൽകുന്നവയാണ്. ശരിക്കും ജീവിതത്തിന്റെ സിലബസ്സ് തന്നെയാണ് അവയിലുള്ളത്. മൽസരമുണ്ട്, പോരാട്ടമുണ്ട്, നേട്ടവും നഷ്ടവുമുണ്ട്, വൈകാരികവും മാനസികവുമായ പ്രശ്ന പരിഹാരങ്ങളുണ്ട്. മാനസിക സമ്മർദം കൈകാര്യം ചെയ്യുന്നതിൽ കായിക മൽസരങ്ങൾക്കുള്ള കഴിവ് പതിനായിരങ്ങൾ ചെലവിട്ട് പങ്കെടുക്കുന്ന കൗൺസിലിംഗ് ക്ലാസുകളിലൂടെയോ ലഭിക്കുകയില്ല.ദിവസം വൈകിട്ട് മുപ്പതു മിനുട്ട് ഫുട്ബോൾ കളിക്കുന്ന ഒരാൾക്ക് നല്ല തോതിൽ ശാരീരിക വ്യായാമം ലഭിക്കുന്നുവെന്ന് മാത്രമല്ല മെച്ചപ്പെട്ട തോതിൽ മാനസിക സന്തുലനം നേടാനും മികച്ച സാമൂഹിക ജീവിയായി തീരാനും സഹായകരമാണ്. കുട്ടികൾ ചെലുത്തുന്ന ജോലിയാണ് കളികൾ. കളികൾ കുട്ടികളുടെ ജീവവായുവാണ്. കളികളിലൂടെ വികസിപ്പിച്ചെടുത്ത ശ്രദ്ധ,ഏകാന്തത,ഭാവന എന്നിവ പഠനത്തിനും അനിവാര്യം. ആശയ വിനിമയ ശേഷി വർധിപ്പിക്കാനും ജീവിത നൈപുണികൾ ആർജിക്കാനും ഭയം, സമ്മർദ്ദം, ക്ഷോഭം എന്നിവ കുറയ്ക്കാനും .....സന്തോഷം, സൗഹൃദം, ആദ്മാഭിമാനം എന്നിവ സൃഷ്ടിക്കാനും കളികൾ സഹായിക്കും. സംഘം ചേരലിന്റെ, പങ്കാളിത്തത്തിന്റെ, ടീം സ്പിരിറ്റിന്റെ, ആസൂത്രണത്തിന്റെ പാഠങ്ങൾ ഓരോ കളിയിലും കുട്ടികൾ നേടുന്നു. കളികളാണ് കുട്ടികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനം. കുട്ടിയെ സാമൂഹിക ജീവിയാക്കിന്നതിൽ കളികൾക്കുള്ള പങ്ക് വളരെ വലുതാണ്. അച്ചടക്കത്തിന്റെയും, ജനാധിപത്യത്തിന്റെയുമൊക്കെ ആദ്യ പാഠങ്ങൾ ആർജ്ജിക്കുന്നതും കളികളിലൂടെത്തന്നെ. കളികളിലൂടെ നടക്കുന്ന അറിവ് നിർമ്മാണം ഏതെങ്കിലും പാഠപുസ്തകത്തിൽ എഴുതി വായിച്ചാൽ കിട്ടുന്ന ഒന്നല്ല.കളിച്ചുതന്നെ നേടേണ്ടതാണ്. പലതരം കളികളിൽ കുട്ടികളേർപ്പെടാം. പ്രീ പ്രൈമറി കുട്ടികളെ സംബന്ധിച്ചിടത്തോളം കളികളാണ് എല്ലാം. കളിയില്ലാതെ അവർക്ക് മുന്നോട്ടു പോകാനെ കഴിയില്ല. കിട്ടുന്ന ഊർജ്ജത്തിന്റെ വലിയൊരളവും കളികൾക്കായി അവർ ചിലവഴിക്കും. സാമൂഹ്യ ബോധത്തിന്റെ അടിസ്ഥാനം തന്നെ ഈ കളികളിലൂടെയാവും കുട്ടിക്ക് ലഭിക്കുക. സഹകളിക്കാരുമായി


ഇടപഴകാനും നേതൃബോധം വളരാനും മറ്റുള്ളവരോട് ബഹുമാനം തോന്നാനും ആത്മാവിഷ്കാരം നടത്താനുമെല്ലാം കളികളോളം പറ്റിയ മറ്റൊന്നില്ല. വളരെ ചെറിയ കുട്ടികൾ സ്വയം കളികൾ കണ്ടെത്തും. അവർക്ക് ചുറ്റുള്ളതെന്തും അവർ കളിപ്പാട്ടമാക്കും.സ്വന്തം കുട്ടികൾ പോലും ഒരു പക്ഷേ അവർക്കൊരു കളിപ്പാട്ടമാണ്. സ്വയം കണ്ടെത്തുന്ന കളികളിൽ ചങ്ങാതിമാരെ കൂട്ടിച്ചേർത്തും ഒഴിവാക്കിയുമെല്ലാം അവർ ആഹ്ലാദം കണ്ടെത്തും.

മുതിർന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം ഫുട്ബോളും, ക്രിക്കറ്റും, ടെന്നീസും പോലെയുള്ള കളികളാവും കൂടുതൽ. നിലവിലെ സാമൂഹ്യന്തരീക്ഷമാണ് മുതിർന്ന കുട്ടികളുടെ കളികളെ നിശ്ചയിക്കുന്നത് എന്നതാണ് അതിനു കാരണം. ഏത് കളികളിൽ ഏർപ്പെടുമ്പോഴും ആ കളികളിലൂടെ നിയമങ്ങൾ അനുസരിക്കാൻ കുട്ടികൾ ബാധ്യസ്ഥരായിരിക്കും. കളി മുന്നോട്ട് പോകണമെങ്കിൽ ആ കളിയുടെ നിയങ്ങൾ അനുസരിച്ചേ തീരൂ.നിയമങ്ങളെ അനുസരിക്കാൻ കുട്ടിയെ പരിശീലിപ്പിക്കുന്ന ആദ്യനുഭവങ്ങൾ പലപ്പോഴും ഇത്തരം കളികളിൽ നിന്നാവും ലഭിക്കുക. കളിയിലെ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്താൻ കൂട്ടായ തീരുമാനങ്ങൾ വേണം. ജനാധിപത്യ ബോധത്തോടെ ചിന്തിച്ചാലല്ലാതെ അത്തരം തീരുമാനങ്ങൾ എടുക്കാൻ കഴിയില്ല. സാമൂഹ്യ ബോധവും ജനാധിപത്യ ബോധവുമെല്ലാം അറിയാതെ കുട്ടികളിലെത്തിക്കാൻ കളികൾക്കാവും എന്നതാണ് അതിന്റെ മേന്മ. രാവിലെയും വൈകിട്ടും സ്കൂൾ മൈതാനം കുട്ടികൾക്കായി തുറന്നു കൊടുക്കണം. അവധി ദിവസങ്ങൾ മുഴുവൻ സമയവും മൈതാനങ്ങൾ കുട്ടികളുടെ സ്വന്തമാവണം, മൈതാനങ്ങൾ കുട്ടികളുടെ അവകാശമായി മാറണം..

വിനേഷ് ടി.കെ

(കായിക അധ്യാപകൻ)

## മഹാത്മാഗാന്ധിയെ കുറിച്ച് നാം അറിയേണ്ടത്



ഗാന്ധി, മഹാത്മാഗാന്ധി, അഥവാ കുട്ടികളുടെ പ്രിയപ്പെട്ട ബാപ്പുജി, എം.കെ ഗാന്ധി എന്ന മോഹൻദാസ് കരം ചന്ദ് ഗാന്ധി. ഇങ്ങനെ നിരവധി പേരിലറിയപ്പെടുന്ന ഗാന്ധിജി ഇപ്പോഴും ഇന്ത്യക്കാരുടെ മനസ്സിൽ നിറഞ്ഞിരിക്കുന്നു. 1862 ഒക്ടോബർ 2 ന് ജനിച്ച അദ്ദേഹം 1948-ൽ ജനുവരി 30 ന് നാഥുറാം ഗോഡ്സെ എന്ന വിപ്ലവകാരിയുടെ വെടിയേറ്റ് മരിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഓർമ്മ ദിവസങ്ങളായി ഒക്ടോബർ 2 ന് ഗാന്ധിജയന്തിയും ജനുവരി 30 രക്തസാക്ഷി ദിനവുമായി ആചരിക്കുന്നു. 2018 ഒക്ടോബർ 2 ന് 150-ാം ജന്മദിനമാണ് നാം ഇപ്പോൾ ആഘോഷിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് നമുക്ക് കുറച്ചൊക്കെ അറിയാമെങ്കിലും അദ്ദോഹത്തിന്റെ ജീവ ചരിത്രത്തിലൂടെ നമുക്ക് കുറെയൊക്കെ പഠിക്കാം.ഒന്നാമത്തേത് ഗാന്ധിയുടെ കുട്ടിക്കാലത്തെ കുറിച്ചാണ്.

1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിലാണ് ഗാന്ധിജിയുടെ ജനനം. അദ്ദേഹത്തിന്റെ പിതാവ് കരം ചന്ദ് ഗാന്ധിയും മാതാവ് പുതിലിഭായിയുമാണ്. കരം ചന്ദ് ഗാന്ധിയുടെയും പുതിലിഭായിയുടെയും നാലാമത്തെ മകനായിട്ടാണ് മോഹൻദാസ് കരം ചന്ദ് ഗാന്ധി ജനിക്കുന്നത്.ലക്ഷ്മിദാസ്, റാലിയത്ത് ബഹൻ, ദർസൻ ദാസ് എന്നിവരായിരുന്നു ഗാന്ധിയുടെ സഹോദരങ്ങൾ. വൈഷ്ണ വിശ്വാസികളായ ഗാന്ധിയുടെ കുടുംബം തികച്ചും സസ്യാഹാരികളായിരുന്നു.കുട്ടിക്കാലത്ത് ഗാന്ധിജി ഇരുട്ടിനെ ഭയന്നിരുന്നു. ഒരിക്കൽ ഇരുട്ടിനെ ഭയന്നു വിറച്ച ഗാന്ധിജിയെ വേലക്കാരിയായ രംഭ പറഞ്ഞു ഇരുട്ടിനെ ഭയന്നാൽ ഭഗവാൻ ശ്രീ രാമനെ മനസ്സിൽ വിചാരിച്ച് പ്രാർത്ഥിച്ചാൽ മതി എന്നും ഉപദേശിച്ചു.പിന്നീട് ഗാന്ധിജി ഇരുട്ടിനെ ഇതുവരെ പേടിച്ചിട്ടില്ല.ഭയം വരുമ്പോൾ ഹേറാം എന്ന

വാദ്യം ഉച്ചരിച്ചിരുന്നു. മരണത്തിലേക്ക് എത്തുന്ന നാൾ വരെ അദ്ദേഹം ഈ മന്ത്രം ഉരുവിട്ടിരുന്നു.തുടർന്ന് അദ്ദേഹം 1881 ൽ തന്റെ പതിമൂന്നാം വയസ്സിൽ ഗോപൂൽ ദാസ് മക്കാസിൻ എന്ന വ്യാപാരിയുടെ മകളായ കസ്തൂർഭായിയെ വിവാഹം ചെയ്തു. 1855 ൽ ഗാന്ധിജിയുടെ പിതാവ് മരണപ്പെടുകയും 1887 ൽ അദ്ദേഹം ബിരുദം പാസാകുകയും ചെയ്തു. 1888 ൽ ജ്യേഷ്ഠന്റെ നിർബന്ധത്തെത്തുടർന്ന് അദ്ദേഹം നിയമം പഠിക്കാനായി ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറുകയും ചെയ്തു.രണ്ടാമത്തേത് ഗാന്ധിജിയുടെ ചെറുപ്പ കാലത്തെയും, മൂന്നാമത്തെത് ദക്ഷിണാഫ്രിക്കയിൽ എത്തുന്നതും, നാലാമത്തേത് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്കെത്തുന്നതും, അഞ്ചാമത്തേത് നിസഹരണ സമരവും, ആറാമത്തേത് നിയമലംഘന സമരവും, ഏഴാമത്തേത് അദ്ദേഹത്തിന്റെ മരണവുമാണ്.


1893 കാലഘട്ടത്തിലാണ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ എത്തുന്നത്.1915 ജനുവരി 9 ന് ആണ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്കെത്തുന്നത്.ഗാന്ധിയും രവീന്ദ്രനാഥും തമ്മിലുള്ള സുഹൃത്ത് ബന്ധം ആരംഭിക്കുന്നത് രവീന്ദ്രനാഥ ടാഗോർ തന്റെ ശാന്തിനികേതനിയിലേക്ക് ക്ഷണിക്കുന്നത്. ഇപ്രകാരമാണ് അവർ തമ്മിലുള്ള സുഹൃത്ത് ബന്ധം ആരംഭിക്കുന്നത്. ടാഗോർ ആണ് മഹാത്മാ എന്ന നാമദേയം ചെയ്തത്.1915 മെയ് 25 ന് അദ്ദേഹം സത്യാഗ്രഹം എന്ന മാർഗ്ഗം സ്വീകരിച്ചു.ജനസേവനത്തിനായി ആത്മസമർപ്പർപ്പണം ചെയ്യുന്നത് അഹിംസ സത്യം ആസ് ത്തേയം, ദരിദ്രഹാം, ബ്രഹ്മചര്യം എന്നിവ നിഷ്ഠതയോടു കൂടി ആചരിക്കണമെന്ന് ജനങ്ങളോട് നിർദേശിച്ചു.1917 ഏപ്രിൽ 16 ന് ആദ്യകാല സമരങ്ങളിലൊന്നായ ചമ്പാരൻ സമരത്തിൽ പങ്കെടുക്കുകയും ഇന്ത്യയിൽ വെച്ച് ആദ്യമായി അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. തുടർന്ന് തന്റെ സത്യാഗ്രഹാശ്രമം സബർമതി ആശ്രമത്തിലേക്ക് മാറ്റുകയും ചെയ്തു. 1919 മാർച്ച് 3 ന് റൗലറ്റ് ആക്ട് എന്ന നിയമത്തിന് ഹർത്താൽ ആചരിക്കുകയും നിസഹരണ സമരം ആരംഭിക്കുകയും ചെയ്തു. ഏപ്രിൽ 18 ന് നിയമ ലംഘന പ്രസ്താവന നിർത്തലാക്കുകയും ചെയ്തു. ജൂലൈ 6 നാണ് നാം ഗാന്ധി ദിനം ആചരിക്കുന്നത്. 1931 ജനവരി 25 ന് അദ്ദേഹത്തെ അറസ്റ്റിൽ നിന്ന് മോചിതനാക്കുകയും ചെയ്തു. ക്വിറ്റിന്ത്യാ സമരം വളരെ വലിയ ഒരു സമരമായിരുന്നു. 1942 ഓഗസ്റ്റ് 8 ന് ബോംബയിൽ കോൺഗ്രസ് സമ്മേളനത്തിലാണ് ഗാന്ധിജി ജവഹർലാൽ നെഹ്റുവും ചേർന്ന് ക്വിറ്റിന്ത്യാ സമരം പാസാക്കുന്നത്.ക്വിറ്റിന്ത്യാ സമരമാണ് ഇന്ത്യക്കാർ ബ്രിട്ടീഷുകാരോട് നടത്തിയ

അവസാനത്തെ സമരം. ഇന്ത്യയിലെ തടവറയിൽ 2006 ദിവസങ്ങളും ദക്ഷിണാഫ്രിക്കാ തടവറയിൽ 249 ദിവസവുമാണ് കഴിഞ്ഞത്. 1948 ജനവരി 30 ന് വെള്ളിയാഴ്ച വൈകുന്നേരം 5 മണിയോട് കൂടെ ബിർളമന്തിരത്തിൽ വാർത്തയോഗത്തിൽ പങ്കെടുക്കവെ ഇന്ത്യ വിഭജിച്ച എന്ന കാരണത്താൽ അദ്ദേഹത്തെ മതഭ്രാന്തനായ നാദുറാം ഗോഡ്സെ വെടിവെച്ച്കൊന്നു.ഗാന്ധിജി അന്തരിച്ചു.നമ്മുടെ ഗാന്ധി സ്നേഹത്തിലൂടെയും ത്യാഗത്തിലൂടെയുമാണ് നമ്മുക്ക് സ്വാതന്ത്യം നേടിതന്നത് ആയുധമുപയോഗിച്ചിട്ടല്ല. ഗാന്ധിജിയുടെ ജീവിതരീതിയും സന്ദേശവും പിൻപറ്റേണ്ടത് നമ്മുടെ കടമയാണ്.........

മിർഷ വാളപ്ര

9 എ

## പ്രളയത്തിൽ തകർന്ന കേരളം.




കേരളമാം പച്ചപ്പാർന്ന പ്രകൃതിയെ
മഴയാം തൻ കോപത്തെ
അടക്കുവാൻ ശ്രമിച്ചെങ്കിലും
കാലമാം വർഷം തകർക്കുകയായ്

നമ്മുടെ കേരളം അമ്മയാം കേരളം
മലയാളഭാഷ കേൾക്കും നമ്മൾ മലയാള
മലയാള നാടിൻ മക്കൾ നമ്മൾ
നമ്മുടെ നാടിനെ പുനർ ജീവിപ്പി-
ക്കാൻ നമ്മൾ ഒന്നായി ഒന്നുചേരൂ.....

അർച്ചനജിത്ത്
9 ബി

## കരകയറാൻ  നവ കേരളം

കേരളത്തിന്   62 മത്തെ വയസ്സ് തികയുകയാണ.അഭിമാനം പകരുന്ന പിറവിയുടെ ഓർമയും വരും കാലത്തിന്റെ തെളിമയുമയുമായി വീണ്ടും കേരളത്തിന്റെ പിറന്നാൾ. പ്രളയശേഷംനന്നായി വരുകയാണ് കേരളം എന്ന നമ്മു കൊച്ചു നാട്. അതിജീവനത്തിന്റെ ആശ്വാസത്തോടെയാണ് ഈ പിറന്നാൾ ദൈവത്തിന്റെ സ്വന്തം നാട് വരവേൽക്കുന്നത്. പ്രളയമേൽപ്പിച്ച തിരച്ചടികളിൽ നിന്ന് കരകയറുകയാണ് നവകേരളം. നവകേരള സൃഷ്ടിക്കായി നമ്മളെല്ലാവരും ഒന്നിച്ച് കൈകോർത്താൽ നമ്മുടെ ആ പഴയ കേരളത്തെ തിരിച്ച് പിടിക്കാൻ കഴിയും. സമ്പന്നവും സമ്യദ്ധിയുമായ ഒരുകേരളത്തിനെ ഇനി പുതുതായി നിർമിക്കാൻ നമ്മെളെല്ലാവരും ഒന്നിച്ച് നിൽക്കണം.

ആതിര സി കെ
9 ബി

## പ്രളയം കാത്തുവെച്ചത്



പ്രളയം കാത്തുവെച്ചത്
സമാധാനം ഒരുമ ഏകത
പ്രളയം സമ്മാനിച്ചത്
ദുരിതം കൂട്ടുചേരൽ
പ്രളയം പ്രണയമായ്
പെയ്തിറങ്ങിയപ്പോൾ
പ്രതീക്ഷകൾ കൈത്താങ്ങായ്
താങ്ങിനിർത്തിയ
പരശുരാമന്റെ കേരളം
ഉയർത്തെഴുന്നേൽപ്പിന്റെ കേരളം
ഏകതയുടെവാക്കുകൾ
ജയ് ഹിന്ദ്...!

ശ്രുതി
10 എ

## എന്റെ നാട്



നിഷ്കളങ്ക ബാല്യം
ശുദ്ധമായ വായു
തെളിനീരുപോൽ പ്രകൃതി
എന്റെ നാട്
മനസ്സ നിറഞ്ഞ സൗഹൃദം
കാലംകാത്തുവെച്ചത് സൗഹൃദങ്ങൾ മാത്രം
പകർന്നെടുത്ത അറിവുകൾ
കൈമാറാൻ വെമ്പുന്ന തണുത്ത ആത്മാവിനെപ്പോൽ ക്ലാസ്റൂം.
സ്കൂൾമുറ്റത്തെ ആൽമരം
അറിവുനിറഞ്ഞ ആലിലകൾ
ഓർമ്മകൾ പെയ്തിറങ്ങുന്ന
വയലറ്റ് മന്ദാരം പൂക്കൾ
ഓർമ്മ നിറങ്ങൾക്ക് വയലറ്റ് രാശി....

ബേബി കൃഷ്ണ
10 എ

## നല്ല കൂട്ടുകാർ

ഒരു ദിവസം മീട്ടുമുയൽ വിശന്നുവലഞ്ഞ്ക്ഷീണിച്ച് വരികയായിരുന്നു ഹൊ! കഴിക്കാൻ കിട്ടിയിരുന്നെങ്കിൽ മീട്ടുഓർത്തു അപ്പോൾമാവിൻ ചുവട്ടിൽ ഒരു മാമ്പഴം മീട്ടു ഓടിവന്ന് മാമ്പഴം എടുത്തു .മീട്ടു മാമ്പഴം കഴിക്കാൻ തുടങ്ങിയതും അതാ വരുന്നു ചിട്ടു മുയൽ ഏയ് മീട്ടു എനിക്ക് വല്ലാതെ വിശക്കുന്നു.എനിക്ക് കൂടി മാമ്പഴം തരൂ എന്ന് ചിട്ടു പറഞ്ഞു. ചിട്ടുവിന്റെ വിഷമം കണ്ട് മീട്ടു മാമ്പഴത്തിന്റെ പകുതി അവന് നൽകി .ഇതെല്ലാം കണ്ട് കൊണ്ട് കുപ്പു കാക്ക മാവിൻ കൊമ്പിലിരുപ്പുണ്ടായിരുന്നു. മാമ്പഴം പങ്കുവച്ച്, കഴിച്ച നിങ്ങൾ, നല്ലകൂട്ടുകാർ,തന്നെ നിങ്ങൾ. നിങ്ങളെ ഞാൻ സഹായിക്കാം. കുപ്പു കാക്ക മാവിൽ നിന്നും കുറേ മാമ്പഴം കൊത്തി നിലത്തേക്ക് ഇട്ടു.മിട്ടുവും ചിട്ടുവും ആവോളം മാമ്പഴം കഴിച്ച് വിശപ്പടക്കി.

ഫാത്തിമ നിഹില എം സ്

6 ബി

# ഓണപ്പാട്ട്



ഓരോരോ രാവും കുളിർമയേന്തും
ഒണനിലാവിനാലോളം തല്ലും !
അത്തമടുത്തു പോയ് ബാലകൻമാർ
അത്തല്ലെന്നുള്ളതറിയാതായീ
മെത്തിനക്കുഞ്ഞുങ്ങളൊത്തുകൂടി
യെത്തുന്ന പൂങ്കാവിൽ  പൂവറുക്കാൻ
ഓമന കുഞ്ഞുങ്ങളൊത്തുകൂടി
ഓണപ്പാട്ടോരോന്നും പാടിപാടി
ളുമലർ തേടി നടക്കുന്നേരം
കോൾമയിൽ ഭ്രവിന്നും കൊള്ളും പാരം.

ഫിദ ഫാത്തിമ

6 ബി

## വിടരാത്ത ഓണപ്പൂക്കൾ

കുട്ടികളെത്തിയക്കുറ്റി കാട്ടിൽ
പൊട്ടിവിടർന്നാ പൊന്നോണം.
നട്ട മുറ്റത്തുള്ളോണത്തപ്പം
നടനേദിച്ച മുത്തശ്ശി
മിഴിയിണമാതാവേകിയ മഷികൊണ്ടെഴുതി,
കറുകപ്പൂച്ചൂടി കാമിനിപെട്ടി തുറന്നിങ്ങോടെ
വെയിൽ പൂക്കും മനമോടെ
ആനന്ദിക്കുകയിലേയിപ്പൊ-
ന്നോണക്കാലെത്തല്ലാവരും.
ഇന്നാണല്ലോ പാതാളം വിട്ടി-
ങ്ങോടെത്തുക മാവേലി.

നിഷാം എം
6 ബി

## മുത്തശ്ശി സൂത്രം.



ഒരിടത്ത് ജാനമ്മ എന്ന പേരിൽ ഒരു മുത്തശ്ശിയുണ്ടായിരുന്നു.ഉദ്യോഗം കിട്ടിയും വിവാഹം കഴിച്ചും മക്കളെല്ലാം നാലു വഴിക്ക് പോയപ്പോൾ ജാനമ്മ ഒറ്റക്കായി.കുറയേറേ പറമ്പും , വയലും ഉണ്ടായിരുന്ന മുത്തശ്ശിക്ക് കൃഷി കാര്യങ്ങൾ നോക്കി നടത്താനും അതിൽനിന്നും കിട്ടുന്ന വിളകൾ ചന്തയിൽ കൊണ്ടു പോയി വിൽക്കാനും വിശ്വസ്തനായ ഒരാളെ കിട്ടാതെ അവർ വിഷമിച്ചു. അവരുടെ കൃഷിയിടങ്ങൾ നോക്കിയവരാകട്ടെ വിശ്വസ്തരോ, അത്മാർത്ഥയുള്ളവോ ആയിരുന്നില്ല. തക്കം കിട്ടുമ്പോഴല്ലൊം അവർ ആ പാവം മുത്തശ്ശിയെ പറ്റിച്ചു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരുദിവസം ദൂരദേശത്തു നിന്ന് ഒരു ചെറുപ്പക്കാരൻ ജോലി തേടി ആ പ്രദേശത്തെത്തി. വീടുകൾ തോറും കയറിയിറങ്ങി ഓരോരോ ജോലികൾ ചെയ്തു് കൊടുത്തിരുന്ന അയാൾ ഒരു ദിവസം മുത്തശ്ശിയുടെ വീട്ടിലെത്തി. ഒറ്റ നോട്ടത്തിൽ തന്നെ ബിട്ടു എന്ന് പേരുള്ള ആ ചെറുപ്പക്കാരൻ മുത്തശ്ശിയുടെ ഇഷ്ടമായി. അൽപ്പനേരത്തിനുള്ളിൽ മുത്തശ്ശിഅവന്റെ കുടുംബ പശ്ചാത്തലവും പേരും ഊരുമൊക്കെ വായിച്ചെടുത്തു. രോഗബാധിതരായ അമ്മയെയും രണ്ടു പെങ്ങന്മാരേയും നോക്കേണ്ട ചുമതല ബിട്ടുവിനാണെന്ന് മനസ്സിലാക്കിയ മുത്തശ്ശിയ്ക്ക് ബിട്ടുവിനോട് അലിവ് തോന്നി.മുത്തശ്ശി വീട്ടിനകത്തു പോയി ബിട്ടുവിന് കുടിക്കാനായി ഒരുചരുവത്തിൽ കുറെ പഴംകഞ്ഞി എടുത്തു. അതിൽകുറച്ച് കറിവെച്ച ചക്കയും കുറച്ച് അച്ചാറുംമൊഴച്ചു. പിന്നെ കുറെ പഴുത്ത കാന്താരി മുളകും പൊട്ടിച്ചിട്ട് ബിട്ടുവിന് കൊടുത്തു കൊണ്ട് ചോദിചോദിച്ചു.

"ബിട്ടു നിനക്ക് പഴംകഞ്ഞി ഇഷ്ടമാണല്ലോ, അല്ലേ?"

"വിശക്കുന്നവന് പഴംകഞ്ഞിയെന്നോ, ബിരിയാണിയെന്നോ വല്ല വ്യത്യാസമുണ്ടോ മുത്തശ്ശി! അതിങ്ങോട്ട് താ "മുത്തശ്ശിയുടെ കൈയിൽ നിന്നും

ബിട്ടു പഴകഞ്ഞി വാങ്ങി . നോക്കിയപോൾ ചക്കയും മാങ്ങയും കാന്താരി മുളകുമുണ്ട്.ഹായ്!. ബിട്ടുവിന്റെ വായിൽ വെള്ളമൂറി.കൈകഴുകിയശേഷം ബിട്ടു പഴകഞ്ഞിയും ചക്കയും അച്ചാറും കാന്താരി മുളകും ഞെരടി കുറേശ്ശേവായിലോട്ട് ഒഴിച്ചു. കുടിച്ച് കഴിഞ്ഞ് ബിട്ടു മുത്തശ്ശിയോട് പറഞ്ഞു: "മുത്തശ്ശി,മുഖസ്ഥിതി പറയുകയാണ് എന്ന് വിചാരിക്കരുത് ഇതു പോലൊരു പഴകഞ്ഞി കുടിച്ച നാളുകൾ മറന്നു.മുത്തശ്ശിയുടെ ചക്കയും അച്ചാറും എന്തൊരു രുചിയാ.കുറച്ചു കൂടി ഉണ്ടെങ്കിൽ ഇങ്ങെടുത്തോ." "ഇരുന്ന പഴകഞ്ഞിയെല്ലാം തീർന്നു മോനെ. ഇനി നാളയാവട്ടെ."മുത്തശ്ശി ബിട്ടുവിനെ ആശ്വസിപ്പിച്ചു.പഴകഞ്ഞിയൊക്കെ കുടിച്ച് എന്തു ജോലിയും ചെയ്യാനുള്ള ഉഷാറോടെ നിന്ന ബിട്ടുവിനെ മുത്തശ്ശി വിളിച്ച് കൊണ്ട് പോയി തന്റെ പുരയിടത്തിൽ നിന്നും ശേഖരിച്ച വിളകൾ കാണിച്ചു കൊടുത്തു. തേങ്ങ,മാങ്ങ, ചക്ക, കുരുമുളക് എന്ന് വേണ്ട എല്ലാവരുമുണ്ട് ശേഖരണത്തിൽ. ഇതൊക്കെ ചന്തയിൽ കൊണ്ടു പോയി വിൽക്കണം. കാശ് കൃത്യമായി എണ്ണി ഏൽപ്പിക്കുകയും വേണം.നിനക്ക് ഉച്ചമായ ശമ്പളം തരാം. മുത്തശ്ശി പറഞ്ഞു. അതിനെന്താ മുത്തശ്ശി.,ഞാനിപ്പോൾ തന്നെ ഇതൊക്കെ ചന്തയിൽ കൊണ്ടു പോയി വിൽക്കാം.ബിട്ടു സമ്മതിച്ചു. ബിട്ടുവിനെ ചരക്കുകളുമായി ചന്തയിലേക്ക് വിട്ടശേഷം നിരീക്ഷിക്കാനായി മുത്തശ്ശി ഒരാളെ കൂടി ബിട്ടു അറിയാതെ പുറകെ വിട്ടു. ബിട്ടു സാധനങ്ങളെല്ലാം വിറ്റശേഷം കിട്ടി കാശുമായി മുത്തശ്ശിയുടെ വീടിനെ ലക്ഷ്യമാക്കി നടന്നു. നടക്കുന്നതിനിടയിൽ ക്ഷീണം തോന്നിയ ബിട്ടു വഴിയരികിലെ കണ്ട മരത്തണല്ൽ വിശ്രമിക്കാൻ ഇരുന്നു.മരത്തണലിൽ ഇളം തെന്നലേറ്റ് അങ്ങനെയിരുന്നപ്പോൾ കണ്ണുകളിൽ ഉറക്കം കയറി. നല്ല ഉറക്കത്തിലേക്ക് വീണു പോയി ബിട്ടുവിന്റെ പോക്കറ്റിൽ നിന്നും തക്കം പാത്തു നിന്ന ആരോ സാധനങ്ങൾ വിറ്റ കാശ് കട്ടെടുത്ത് കടന്നു കളഞ്ഞു.ഉറക്കത്തിൽ നിന്ന് ഉണർന്ന ബിട്ടു വേഗം നടന്നു. പോക്കറ്റിൽ തപ്പിനോക്കിയപ്പോൾ കാശ് കാണുന്നില്ല. "ഈശ്വരാ......ഇനിയെന്തു ചെയ്യും? മുത്തശ്ശിയോടിനിയെന്തു പറയും?കാശ് മരചുവട്ടിൽ വീണതാവുമോ?"ഇങ്ങനെയോരോന്ന് ആലോചിച്ച്ബിട്ടു വീണ്ടും മരചുവട്ടിലേക്ക് തിരിച്ച് നടന്നു.അവിടെയെല്ലാം തിരഞ്ഞെങ്കിലും കാശ് കിട്ടിയില്ല. കാശില്ലാതെ

മുത്തശ്ശിയുടെ അടുത്തു പോയാൽ അവരെന്നെ കള്ളനാക്കും. ആരെങ്കിലും കട്ടു കൊണ്ട് പോയതാണെന്ന് പറഞ്ഞാൽ വിശ്വസിക്കുകയുമില്ല.ഇനി എന്താണൊരു വഴി?ഇങ്ങനെ ആലോചിച്ചിരുന്ന അവന്റെ തലയിൽ എന്തോ തെളിഞ്ഞു ബിട്ടു പട്ടണത്തിലേക്ക് വെച്ചു പിടിച്ചു. കയ്യ് ഉയർത്തി കാണിച്ചു കൊണ്ട് ചോദിച്ചു ഈ സീക്കോ വാച്ച് എടുത്തിട്ട് ഇതിന്റെ വില തരാമോ? കാശിന് ഇത്തിരി ബുദ്ധിമുട്ടായതുകൊണ്ടാണ്.കടക്കാരൻ വാച്ച് വാങ്ങി നോക്കി.മുന്നൂറ് രൂപക്ക് ഉണ്ട്.എന്താ കൊടുക്കുന്നോ? കടക്കാരൻ ചോദിച്ചു. ഭാഗ്യം,മുത്തശ്ശിക്ക് കൊടുക്കാനുള്ള കാശു പോയിട്ട് ഒരു ഇരുപത് രൂപ മിച്ചവും ഉണ്ട്. ബിട്ടു മറ്റൊന്നും ആലോചിച്ചില്ല. എടുത്തിട്ട് കാശ് തരൂ. ബിട്ടു പറഞ്ഞു. കാശും വാങ്ങി മുത്തശ്ശിയുടെ വീട്ടിലേക്ക് നടക്കുമ്പോൾ വാച്ച് വിൽക്കേണ്ടി വന്നതിനെ കുറിച്ചായിരുന്നു ചിന്ത. തന്റെ പിറന്നാളിന് അച്ഛൻ വാങ്ങി തന്ന വാച്ചാണത്. എന്ത് ബുദ്ധിമുട്ട് വന്നാലുംവാച്ച് മറ്റാർക്കും നൽകരുതെന്ന് താക്കീതും ഉണ്ടായിരുന്നു.ഇനി അതൊക്കെ ആലോചിച്ചിട്ട് എന്ത് കാര്യം. കള്ളനെന്ന പേരുദോഷം കേൾക്കുന്നതിലും നല്ല തല്ലേ ഒരു വാച്ച് നഷ്ട്പ്പെടുന്നത്. കാശു വരുമ്പോൾ വാച്ച് പിന്നെയും വാങ്ങാം.പക്ഷേ, കള്ളനെന്ന പേരുവീണാൽ അത് മാറ്റിയെടുക്കാൻ വലിയ പ്രയാസമാണ്. ബിട്ടു സ്വയം മനസ്സിനെ ധൈര്യപ്പെടുത്താൻ ശ്രമിച്ചു.ബിട്ടു പലതും ചിന്തിച്ച് നടന്നപ്പോൾ മുത്തശ്ശിയുടെ വീടെത്തിയതറിഞ്ഞില്ല. ബിട്ടു മുത്തശ്ശിയുടെവീട്ടിലെത്തിയപ്പോൾ മുത്തശ്ശിബിട്ടുവിനെയും കാത്തു ഉമ്മറപ്പടിയിൽ ഇരുപ്പുണ്ടായിരുന്നു.എന്താബിട്ടുനീ വരാൻവൈകിയത്? മുത്തശ്ശിയുടെ ചോദ്യത്തിന് മുന്നിൽ ബിട്ടു ഒരൽപ്പം പരുങ്ങിയെങ്കിലും ഇങ്ങനെ പറഞ്ഞു,വരുന്ന വഴിയിൽ ക്ഷീണംകൊണ്ട് ഒരു മരച്ചുവട്ടിലിരുന്ന് ഒരൽപ്പം ഉറങ്ങി പോയി. മുത്തശ്ശി ബിട്ടുവിന്റെ കൈയിൽ ചൂണ്ടി കൊണ്ട് ചോദിച്ചു: നിന്റെ കൈയിൽ കിടന്ന ആ തിളങ്ങുന്ന വാച്ചെവിടെ? വാച്ചോ........അത്......അത്.....മരത്തണലിൽ വിശ്രമിക്കുമ്പോൾ ആരോ വന്ന് ഊരിയെടുത്തു കൊണ്ട് പോയി.മുത്തശ്ശിയുടെ മുന്നിൽഒരു നുണ പറയാനെ കഴിഞ്ഞുള്ളൂ.മോനെ ബിട്ടു, നീ ഈ പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നു.നിന്റെ

കാശ് കട്ടെടുത്തത് മറ്റാരുമല്ല ഞാൻ പറഞ്ഞതനുസരിച്ച് ഞാൻ നിയോഗിച്ച ആളാണ്. നിന്നെ പരീക്ഷിക്കാൻ ഞാൻ മെനഞ്ഞെടുത്ത ഒരു നാടകമായിരുന്നു ഇതെല്ലാം. ആ കാശു പോയപ്പോൾ നീ നിന്റെ വീട്ടിലേക്ക് ഒളിച്ചോടി പോയിരുന്നുവെങ്കിൽ നിന്നോട് എനിക്ക് ദയതോന്നുമായിരുന്നില്ല.നീ സത്യസന്ധനാണെന്ന് തെളിയിക്കാൻ നിനക്ക് നിന്റെ അച്ഛൻ വാങ്ങിതന്ന ആവാച്ച് പോലും ഉപേക്ഷിക്കാൻ തയ്യാറായി. ആ മനസ്സിന്റെ തിളക്കം ഞാൻ അറിയുന്നു.ഇനിയുള്ള കാലം നീ എന്നോടൊപ്പം ഇവിടെ കഴിയണം.മുത്തശ്ശിയുടെ വാക്കുകൾ കേട്ട് ബിട്ടു അത്ഭുതപ്പെട്ടു.എല്ലാം ഒരു നാടകം പോലെ ബിട്ടുവിന് തോന്നി. മുത്തശ്ശിയുടെ ആഗ്രഹപ്രകാരം ബിട്ടു മുത്തശ്ശിയ്ക്കൊപ്പം ജീവിക്കാൻ തീരുമാനിച്ചു.

**മുഹ്സിന**
**9 ബി**

## ആസ്വാദന പാട്ട്

ഇത്തിരിപ്പൂവേ ചുവന്ന പൂവേ
ഇത്തറ നാളെങ്ങുപോയി പൂവേ
മണ്ണിന്നടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ
ചെമ്മേറുമീയുടുപ്പാരു തന്നു
കാറ്റടിച്ചോമനേ വീണിടെല്ലേ
കാലത്തെ വെയിലേറ്റ് വാടീടല്ലേ.....

ഹംന പർവീൻ
6 ബി

# നന്ദി ...........